(ഡി) ഈ പദ്ധതിക്ക് എത്ര രൂപ ഇതുവരെ ചെലവായി എന്ന് വ്യക്തമാക്കാമോ ;

(ഇ) പണി പൂർത്തിയായെങ്കിൽ പദ്ധതിയിലൂടെ എത്ര വാട്ടർ ടാപ്പുകൾ പ്രവർത്തനത്തിലുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 26-7-1989.

(ബി) 31.15 ലക്ഷം രൂപ.

(സി) മുഴുവൻ പണിയും പൂർത്തീകരിച്ചിട്ടില്ല ; ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ഡി) 72.89 ലക്ഷം രൂപ.

(ഇ) 34 പൊതുടാപ്പുകളിലൂടെ ഇപ്പോൾ ശുദ്ധജലവിതരണം നടത്തി വരുന്നുണ്ട്.

റോഡ് വെട്ടിമുറിച്ച് പൈപ്പുകൾ നശിപ്പിക്കുന്നവർക്കെതിരെ നടപടി

91 (2369) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ കേബിളിടുന്നതിനുവേണ്ടി റോഡ് വെട്ടിമുറിച്ചതിനെത്തുടർന്ന് പൈപ്പുകൾ പൊട്ടി കുടിവെള്ളം നഷ്ടമാകുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ പൈപ്പുകൾ നശിപ്പിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റിലയൻസ് കമ്പനി കേബിൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിലാണ് അധികമായും പൈപ്പുകൾ പൊട്ടി വെള്ളം നഷ്ടപ്പെടുന്നത്. ഇത് കമ്പനിയുമായി ബന്ധപ്പെട്ട് അപ്പപ്പോൾതന്നെ അറ്റകുറ്റപ്പണികൾ നടത്തി പരിഹരിക്കുന്നു.

(സി) ഇതിനിടയാക്കിയ കമ്പനിയുടെ ചെലവിൽത്തന്നെയാണ് പൊട്ടിയ പൈപ്പുകൾ നന്നാക്കുന്നത്. അടിയന്തരമായി റിപ്പയറിംഗ് ജോലികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly